# പതിനാലാം കേരള നിയമ സഭ

## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ: 378. 19/03/2018 ലെ മറുപടിക്ക്

### സംസ്ഥാന വൈദഗ്ദ്ധ്യ വികസന പദ്ധതി

ചോദ്യം

ശ്രീ. ഡി.കെ. മുരളി
ശ്രീ. പി.റ്റി.എ. റഹീം
ശ്രീ. കെ.ഡി. പ്രസേനൻ,
ശ്രീ. എം. സ്വരാജ്

ഉത്തരം

പ്രൊഫ. സി. രവീന്ദ്രനാഥ്
വിദ്യാഭ്യാസ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാന വൈദഗ്ദ്ധ്യ വികസന പദ്ധതിയുടെ (എസ്.എസ്.ഡി.പി) ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) | സംസ്ഥാനത്തെ നൈപുണ്യ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സമഗ്രമായ പരിശീലന പരിപാടികൾ എസ്.എസ്.ഡി.പി യുടെ ഭാഗമായി ഏകോപിപ്പിക്കുന്നതിനും, സംഘടിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>സംസ്ഥാന വൈദഗ്ദ്ധ്യ വികസന പദ്ധതിയുടെ (എസ്.എസ്.ഡി.പി) ഭാഗമായി വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന നൈപുണ്യ പരിശീലന പദ്ധതിയാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം ( ASAP).<br><br>സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹയർ സെക്കൻററി സ്കൂളുകൾ ആർട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് അക്കാദമിക പഠനത്തോടൊപ്പം അഭിരുചിക്കിണങ്ങിയ തൊഴിൽ മേഖലയിൽ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതിയായി 2012 മുതൽ അസാപ് നടപ്പിലാക്കി വരുന്നുണ്ട്.<br><br>തൊഴിൽ ക്ഷമതാ വർദ്ധനവിന് സഹായിക്കും വിധം മുഴവൻ പഠിതാക്കൾക്കും ആംഗലേയ ഭാഷാ നൈപുണ്യവും ആശയവിനിമയ പാടവവും കംപ്യൂട്ടർ ഉപയോഗക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്ന ഒരു അടിസ്ഥാനഘടകം (Foundation Module) പൊതുവായി പരിശീലിപ്പിക്കുന്നുണ്ട്. തുടർന്ന് കുട്ടികളുടെ അഭിരുചിക്കും താൽപ്പര്യത്തിനുമനുസരിച്ച് ദേശീയ നൈപുണ്യ യോഗ്യത ചട്ടക്കൂട് (NSQF) പ്രകാരമുള്ള ഒരു തൊഴിൽ നൈപുണ്യ കോഴ്സിൽ പരിശീലനവും നൽകുന്നു.<br><br>സംസ്ഥാനത്തെ അവസാന വർഷ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷാ പരിശീലകരാകാൻ സഹായിക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ ( CET) പരിശീലന പരിപാടി, വേനൽക്കാല നൈപുണ്യ പരിശീലനത്തിനായി സമ്മർ സ്കിൽ സ്കൂൾ എന്നിവ വൈവിദ്ധ്യമാർന്ന നൈപുണ്യ പരിശീലന മാതൃകകളായി നടപ്പിലാക്കി വരുന്നു. 25 വയസ്സിൽ താഴെയുള്ള ജീവിത കാലഘട്ടം വിദ്യാഭ്യാസ പരിശീലനകാലമായി വിവക്ഷിക്കപ്പെടുന്നതിനാൽ 25 വയസ്സിനു താഴെയുള്ള ഏതൊരാൾക്കും നൈപുണ്യ |

| | | | |
|---|---|---|---|
| | | | പരിശീലനം നൽകുന്നതിനുള്ള അനുമതിയും സമീപകാലത്ത് അസാപിന് ലഭിച്ചിട്ടുണ്ട്.<br><br>അസാപിന്റെ ഭാഗമായി സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ സമഗ്ര നൈപുണ്യ പരിശീലനത്തിനുള്ള സൌകര്യങ്ങളോടെ നൈപുണ്യ പരിശീലന സമുച്ചയങ്ങൾ നിർമ്മാണ പുരോഗതിയിലാണ്. ദേശീയ അന്തർ ദേശീയ തലങ്ങളിലെ ആധുനിക തൊഴിൽ മേഖലകൾക്ക് അനുയോജ്യമായ തൊഴിൽ ക്ഷമതയുള്ളവരായി യുവതീ യുവാക്കളെ പ്രാപ്തരാക്കുവാൻ ഇത്തരം കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾക്ക് സാധിക്കുന്നു. |
| ബി | പ്രസ്തുത പദ്ധതിയുടെ മുഖ്യ ഘടക പദ്ധതികളിലൊന്നായ അധിക വൈദഗ്ദ്യം ആർജ്ജിക്കൽ പദ്ധതി (അസാപ്) എത്ര സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു; പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണ്; ഈ പദ്ധതി പ്രകാരം പരിശീലനം നൽകുന്നതിന് ഫീസ് ഈടാക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; | ബി | നിലവിൽ 1208 വിദ്യാലയങ്ങളിൽ അസാപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലാണ് അസാപ് പദ്ധതി നടപ്പിലാക്കുന്നത്. താൽപ്പര്യമുള്ള സ്കൂളുകൾക്ക് അസാപ്പ് വെബ്സൈറ്റ് വഴി അപേക്ഷ നൽകാവുന്നതാണ്. ജൂൺ - ജൂലായ് മാസങ്ങളിലാണ് അസാപ്പ് ഇതിനായി അപേക്ഷ ക്ഷണിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിൽ നൈപുണ്യ പരിശീലനത്തിന് ഉതകുന്ന രീതിയിലുള്ള സ്മാർട്ട് ക്ലാസ് റൂമുകളും കംപ്യൂട്ടർ ലാബുകളും ആവശ്യമാണ്.<br><br>ഈ പദ്ധതിയിൽ താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് 100% ഫീസിളവും മറ്റ് വിഭാഗത്തിൽപ്പെടുന്നവർക്ക് 25% ഫീസിളവും നൽകി വരുന്നു. അസാപ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയില്ലെങ്കിൽ കോഴ്സ് ഫീസ് തിരിച്ചടയ്ക്കേണ്ടതാണ്<br>1. ബി.പി.എൽ വിഭാഗത്തിൽ വരുന്ന എല്ലാ വിദ്യാർത്ഥികൾക്കും.<br>2. എസ്.സി/എസ്.ടി/ഒ.ഇ.ബി.സി, ഭിന്നശേഷിയുള്ള കുട്ടികൾ.<br>3. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്ന അസാപ്പ് ജില്ലാതല കമ്മറ്റി മീറ്റിംഗ് അംഗീകരിക്കുന്ന ഓരോ ബാച്ചിലെയും രണ്ട് എ.പി.എൽ (ജനറൽ) വിദ്യാർത്ഥികൾക്ക്. |
| സി | അസാപ് പ്രകാരം ഏതെല്ലാം മേഖലകളിലാണ് പ്രാവീണ്യം നേടാൻ പരിശീലനം നൽകുന്നത്; പരിശീലനത്തിന്റെ ഫലമായി വിദ്യാർത്ഥികൾ ആർജ്ജിച്ച കഴിവുകൾ വിലയിരുത്തിയിരുന്നോ; വിശദാംശം അറിയിക്കാമോ? | സി | ഇരുപത്തിമൂന്ന് തൊഴിൽ മേഖലകളിലാണ് അസാപ്പ് നിലവിൽ പരിശീലനം നൽകുന്നത്. ഇരുപത്തിമൂന്ന് തൊഴിൽ മേഖലകളുടെ പേരു വിവരം അനുബന്ധമായി ചുവടെ ചേർക്കുന്നു.<br><br>സ്കിൽ മൊഡ്യൂളുകളിലെ പരിശീലനത്തിനു ശേഷം കേന്ദ്ര NSDC യുടെ കീഴിലുള്ള സെക്ടർ സ്കിൽ കൌൺസിൽ (SSC) ഏർപ്പാടാക്കുന്ന സ്വതന്ത്ര അസസ്മെൻറ് ഏജൻസികളാണ് വിദ്യാർത്ഥികൾ ആർജ്ജിച്ച കഴിവുകൾ വിലയിരുത്തുന്നത്. ഫൌണ്ടേഷൻ മൊഡ്യൂളിൻറെ പരിശീലനത്തിനു ശേഷം ബ്രിട്ടീഷ് കൌൺസിൽ നടത്തുന്ന ആപ്റ്റിസ് (APTIS) പരീക്ഷ മുഖേനെയും വിദ്യാർത്ഥികൾ ആർജ്ജിച്ച കഴിവുകൾ വിലയിരുത്തുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## അസാപ് പരിശീലനം നൽകി വരുന്ന തൊഴിൽ മേഖലകളുടെ വിവരം

**Sector List**

| Sl No | Sectors |
|---|---|
| 1 | ACCOUNTING |
| 2 | Agriculture |
| 3 | APPAREL |
| 4 | AUTOMOTIVE |
| 5 | Banking & Finance |
| 6 | BEAUTY AND WELLNESS |
| 7 | Capital Goods |
| 8 | CONSTRUCTION |
| 9 | Electronics |
| 10 | Food Processing |
| 11 | Chemical and Petrochemicals |
| 12 | Gems & Jewellery |
| 13 | Health Care |
| 14 | Hospitality |
| 15 | IT & ITES |
| 16 | LOGISTICS |
| 17 | Media |
| 18 | PLUMBING |
| 19 | Printing |
| 20 | Retail |
| 21 | Rubber Skills Development |
| 22 | Sports And Leisure |
| 23 | Telecommunication |